# പതിനാലാം കേരള നിയമസഭ
# (നാലാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2898 10.03.2017-ൽ മറുപടിയ്ക്ക്**

## കല്ല്യാശ്ശേരി മണ്ഡലത്തിലെ പ്രവൃത്തികൾ

**ചോദ്യം**

ശ്രീ.റ്റി.വി.രാജേഷ്

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിൽ നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികളും ഭരണാനുമതി ലഭിച്ച് പ്രവൃത്തി ആരംഭിക്കേണ്ട റോഡുകളും ഏതൊക്കെയാണ്; ഇവയുടെ പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ കഴിയും; വിശദാംശം നൽകുമോ?

**മറുപടി**

ശ്രീമതി. മേഴ്സിക്കുട്ടിഅമ്മ
(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കാഷ്യൂ വ്യവസായവും വകുപ്പ് മന്ത്രി):

കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന് കീഴിൽ ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പ്രവൃത്തികൾ ചുവടെ ചേർക്കുന്നു.

1) മാട്ടൂൽ ഗ്രാമപഞ്ചായത്തിലെ പത്താംതോട് – മൂസ്സാഹാജി തോട് റോഡിന്റെ നിർമ്മാണ പ്രവൃത്തി - 85% പൂർത്തിയായി

2) പട്ടുവം ഗ്രാമപഞ്ചായത്തിലെ മുള്ളൂർ എം.എൽ.എ ഇട്ടുപ്പ-ഇടമുട്ട് – ഹരിജൻ വെൽഫെയർ സ്കൂൾ റോഡിന്റെ നവീക രണ പ്രവൃത്തി - 80% പൂർത്തീകരിച്ചു

ഭരണാനുമതി നൽകിയതും പ്രവൃത്തി ആരംഭിക്കേണ്ടതുമായ റോഡുകൾ ചുവടെ ചേർക്കുന്നു

1) മാടായി പഞ്ചായത്തിലെ പുതിയങ്ങാടി ചൂട്ടാട്-എരിപ്രം മുട്ടം റോഡിന്റെ നവീകരണ പ്രവൃത്തി - ടി പ്രവൃത്തിയ്ക്ക് സാങ്കേതികാ നുമതി നൽകി ദർഘാസ് നടപടികൾ പൂർത്തീകരിച്ച് ഏപ്രിൽ മാസത്തോടെ നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

2) മാടായി പഞ്ചായത്തിലെ ബീച്ച് റോഡ് (നീരൊഴുക്കുംചാൽ റോഡ്)കക്കാടൻ ചാൽ റോഡിന്റെ നവീകരണ പ്രവൃത്തിയ്ക്ക് ദർഘാസ് ക്ഷണിച്ചിരിക്കുകയാണ് - ടി പ്രവൃത്തി ഏപ്രിൽ മാസത്തിൽ ആരംഭിക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**സെക്ഷൻ ആഫീസർ**